(സി) ബഹു. ഹൈക്കോടതിയുടെയും ലേബർ ട്രിബ്യൂണൽ/കോടതിയുടെയും ഡിസ്ട്രിക്ട് ലേബർ ഓഫീസർ (ഡി. എൽ. ഒ.)-യുടെയും ഉത്തരവനുസരിച്ചാണ് തിരിച്ചെടുത്തിട്ടുള്ളത്.

വായ്പയ്ക്ക് മൊറട്ടോറിയം

142 [3166] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വായ്പയ്ക്ക് എറണാകുളം ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോർ മൊറട്ടോറിയം അനുവദിക്കാത്തതുമൂലം പ്രതിസന്ധിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) എൻ. സി. ഡി. സി. സാമ്പത്തിക സഹായം ലഭിക്കത്തക്ക വിധം മൊറട്ടോറിയം എത്രയും പെട്ടെന്ന് പ്രഖ്യാപിച്ച് ഉത്തരവുണ്ടാകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോർ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) മൊറട്ടോറിയം അനുവദിക്കുന്നതിനുള്ള അപേക്ഷ സഹകരണസംഘം രജിസ്ട്രാർക്ക് ലഭിച്ചത് സഹകരണസംഘം രജിസ്ട്രാർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ പരിശോധനയിലാണ്.

കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് ഭരണസമിതിയുടെ കാലാവധി

143 [3167] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ അഡ്മിനിസ്ട്രേറ്റീവ് ഭരണസമിതിയുടെ കാലാവധി എന്നാണ് കഴിഞ്ഞത്;

(ബി) കാലാവധി കഴിഞ്ഞ അഡ്മിനിസ്ട്രേറ്റർ ഭരണസമിതി തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത ബാങ്കുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ എന്തെങ്കിലും കേസ്സ് നിലവിലുണ്ടോ; വിധി ആയിട്ടുണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ഡി) ബാങ്കിന്റെ ദൈനംദിന പ്രവൃത്തികൾ നടത്തുന്നതിന് നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ തുടരാൻ അനുവാദം കൊടുത്തുകൊണ്ട് സഹകരണസംഘം രജിസ്ട്രാർ 10-3-2004-ൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനർ ശ്രീ. പി. രാജേന്ദ്രന് അയച്ച കത്ത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ ഈ കത്ത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത ബാങ്കിന്റെ ഭരണസമിതി തെരഞ്ഞെടുപ്പിൽ വിജയിച്ചവർക്ക് ഭരണചുമതല ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) എങ്കിൽ എന്തുകൊണ്ടാണ് ഭരണചുമതല കൈമാറാത്തതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 27-6-2004 വരെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(ബി) 27-6-2004-ന് ശേഷം തുടരുന്നതിന് അനുമതി നൽകിയിട്ടില്ല.

(സി) ഉണ്ട്. വിധി ആയിട്ടില്ല.

(ഡി) കമ്മിറ്റി തുടരാൻ അനുവാദം നൽകിക്കൊണ്ട് ഉത്തരവ് നൽകിയിട്ടില്ല. എന്നാൽ നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സർക്കാർ പരിഗണനയിലായിരുന്നതിനാൽ സംഘത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ മുടക്കാൻ പാടില്ലാത്തതിനാൽ യോഗം കൂടുന്നതിന് തടസ്സമില്ലെന്നാണ് അറിയിച്ചിരുന്നത്.

(ഇ) കമ്മിറ്റി തുടരാൻ അനുവാദം നൽകിക്കൊണ്ട് പ്രത്യേക കത്ത് നൽകിയിട്ടില്ല.

(എഫ് ആന്റ് ജി) 27-6-2004-ൽ തെരഞ്ഞെടുപ്പ് നടത്തിയെങ്കിലും സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫലപ്രഖ്യാപനം നടത്തിയിട്ടില്ല.

സംസ്ഥാനത്തെ തുറമുഖങ്ങൾ സംരക്ഷിക്കുന്ന നടപടി

144 [3168] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറമുഖങ്ങളിൽനിന്നും പ്രതിവർഷം എന്തുതുക സർക്കാരിന് വരുമാനമായി ലഭിക്കുന്നു എന്ന വിവരം ലഭ്യമാക്കുമോ;

(ബി) തുറമുഖങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ ആവിഷ്ക്കരിച്ചു എന്നും പുതുതായി ഏതെല്ലാം പദ്ധതികൾ നടപ്പാക്കും എന്നും വെളിപ്പെടുത്തുമോ;

(സി) തുറമുഖ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ എന്തുതുക ധനസഹായം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; അവ ഏതെല്ലാം പദ്ധതികൾക്കെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly